ഉത്തരം

(എ—സി) ഈ കോർപ്പറേഷൻ അതിന്റെ കമ്മേർസ്യൽ പ്രവർത്തനങ്ങൾ ഇതുവരെയ്ക്കും തുടങ്ങിയിട്ടില്ലാത്തതിനാൽ ലാഭനഷ്ടങ്ങളില്ല.

(ഡി ആന്റ് ഇ) കോർപ്പറേഷൻ കമ്മേർസ്യൽ പ്രവർത്തനം തുടങ്ങുന്ന കാര്യം പരിഗണിച്ചുവരുന്നു. ആയതിനുള്ള സാങ്കേതിക വിദ്യ ഉടൻ സ്വായത്തമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചെറുകിട വ്യവസായസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

30 [484] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു;

(ബി) ഇങ്ങനെ രജിസ്റ്റർ ചെയ്തതിൽ എത്ര സ്ഥാപനങ്ങൾ ആരംഭിച്ചു; ആരംഭിച്ചതിനുശേഷം എത്ര സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്;

(സി) രജിസ്റ്റർ ചെയ്തശേഷം ആരംഭിക്കാതിരിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 26272 ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥിരമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്ഥിരം രജിസ്ട്രേഷൻ ലഭിച്ച എല്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നവ ആയിരുന്നു. അവയിൽ പൂട്ടിയ സ്ഥാപനങ്ങളുടെ കണക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ചുവരുന്നു.

(സി) പ്രവർത്തനം തുടങ്ങിയതിനുശേഷമാണ് സ്ഥിരം രജിസ്ട്രേഷൻ കൊടുക്കുന്നത്. രജിസ്ട്രേഷൻ ലഭിച്ച ശേഷം ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നില്ലായെന്ന് വരികയാണെങ്കിൽ കാരണം കാണിക്കൽ നോട്ടീസ് കൊടുക്കുകയും മറുപടി തൃപ്തികരമല്ലായെന്ന് വരുകിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുകയും ചെയ്യും.

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ

31 [485] ശ്രീ. പി. എസ്. സുപാൽ:
„ ബിനോയ് വിശ്വം:
„ എൻ. രാജൻ:
„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ എത്ര ഫാക്ടറികൾ ഇപ്പോഴുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര ഫാക്ടറികൾ ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്; ഈ വർഷം ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി;

(സി) കശുവണ്ടിപ്പരിപ്പിന്റെ ഉല്പാദന ചെലവ് കുറയ്ക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നിർദ്ദേശത്തോടുള്ള ഗവൺമെന്റിന്റെ സമീപനം എന്താണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30 ഫാക്ടറികൾ

(ബി) ഇപ്പോൾ ഒന്നുംതന്നെ തുറന്നു പ്രവർത്തിപ്പിക്കുന്നില്ല. ഈ വർഷം ഇതുവരെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉല്പാദനച്ചെലവ് വ്യവസായം നിലനിർത്തുന്നതിനാവശ്യമായ നിലയിലേയ്ക്ക് കുറച്ചുകൊണ്ട് വരികയാണ് സർക്കാരിന്റെ ഉദ്ദേശം. അതിനായി കോർപ്പറേഷനിൽ വർക്ക് പ്രാക്ടീസ് ചെയിഞ്ചു ചെയ്യുന്നതും ഉല്പാദനക്ഷമത കൈവരിക്കുന്നതും സംബന്ധിച്ച് യൂണിയനുകളുമായി പല കാര്യങ്ങളിലും ധാരണയായിട്ടുണ്ട്. ഈ ധാരണയുടെ അടിസ്ഥാനത്തിൽ ചെലവ് കുറയ്ക്കുന്നതു സംബന്ധിച്ച ഒരു ധാരണാപത്രം കോർപ്പറേഷൻ ഗവൺമെന്റുമായി ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ

32 [486] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാത്തതിന്റെ കാരണം എന്താണ്;

(ബി) സർക്കാർ ഉടമകൾക്ക് വിട്ടുകൊടുത്ത നാല് ഫാക്ടറികൾ മൂന്ന് കൊല്ലമായിട്ടും തുറന്നിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഫാക്ടറികൾ വീണ്ടും സർക്കാർ ഏറ്റെടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാമ്പത്തിക പരാധീനതയും പ്രവർത്തനമൂലധനത്തിന്റെ അഭാവവും ബാങ്ക് വായ്പ ലഭ്യമായിട്ടില്ലാത്തതും കാരണമാണ് കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly